بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 08.03.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഉഹുദ് യുദ്ധത്തിൽ തന്റെ സ്വഹാബി ഹദ്റത്ത് സഅദ്(റ)ന്റെ ദുആ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി നബി(സ) ചെയ്ത ദുആ സ്വീകരിക്കപ്പെട്ടതിനെ സംബന്ധിച്ച സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ആയിശ ബിൻത് സഅദ് പറയുന്നു: തന്റെ പിതാവ് ഹദ്റത്ത് സഅദിൽനിന്ന് നിവേദനം, ശത്രുക്കൾ തിരിച്ച് ആക്രമിച്ചപ്പോൾ ഞാൻ പറഞ്ഞു: ഞാൻ ഇവരെ എന്നിൽ നിന്നകറ്റുകയോ രക്ഷപ്പെടുകയോ അല്ലെങ്കിൽ ശഹീദാവുകയോ ചെയ്യുന്നതാണ്. പെട്ടെന്നാണ് ഞാൻ തുടുത്ത മുഖമുള്ള ഒരു വ്യക്തിയെ സമീപത്ത് തന്നെ കണ്ടത്. മുശ്രികീങ്ങൾ അദ്ദേഹത്തെ കീഴ്പ്പെടുത്തിയേനെ പക്ഷെ അദ്ദേഹം മുഷ്ടികൾ ചരൽ നിറച്ച് അവർക്ക് നേരെ എറിഞ്ഞു. അപ്പോഴാണ് പെട്ടെന്ന് എനിക്കും അദ്ദേഹത്തിനുമിടയിൽ മിഖ്ദാദ്(റ) വന്നത്. മിഖ്ദാദ്(റ) എന്നോട് പറഞ്ഞു: സഅദ് അത് തിരുനബി(സ) ആയിരുന്നു. നിന്നെ വിളിക്കുന്നുണ്ട്. എനിക്ക് ഒരു പ്രയാസവും ഇല്ലാത്തതുപോലെയാണ് അപ്പോൾ തോന്നിയത്. ആ ശബ്ദം കേട്ടപ്പോൾ പെട്ടെന്ന് എഴുന്നേറ്റു തിരുനബി(സ)ന്റെ അടുക്കൽ എത്തിയപ്പോൾ എന്നെ തന്റെ മുന്നിൽ ഇരുത്തി. ഞാൻ അമ്പെയ്യാൻ തുടങ്ങി; ഇങ്ങനെ ദുആ ചെയ്യുന്നുമുണ്ടായിരുന്നു. അല്ലാഹുവേ നിന്റെ അമ്പാകുന്നു. അതുകൊണ്ട് ശത്രുവിനെ വകവരുത്തേണമേ. നബി(സ) പറഞ്ഞു: അല്ലാഹുവേ, നീ സഅദിന്റെ ദുആ സ്വീകരിക്കേണമേ. സഅദിന്റെ ഉന്നം ശരിയാക്കേണമേ. അല്ലയോ സഅദ് നിനക്ക്മേൽ എന്റെ മാതാപിതാക്കൾ തെണ്ടമായിരിക്കട്ടെ. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതുസംബന്ധിച്ച് എഴുതുന്നു.

എങ്ങനെയാണ് തിരുനബി(സ)യുടെ കൽപന പ്രകാരം ഹദ്റത്ത് ഉമർ(റ) ശത്രുക്കളെ പരാജയപ്പെടുത്തിയത് എന്നതിനെ സംബന്ധിച്ച് പറയുന്നു: നബി(സ) സ്വഹാബാക്കളുടെ സംഘത്തോടൊപ്പം കുന്നിൻ മുകളിലാണുണ്ടായിരുന്നത്. പെട്ടെന്ന് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഖുറൈശി സംഘം മലമുകളിൽ എത്തി. നബി(സ) ശത്രുക്കളെ മുകളിൽ കണ്ടപ്പോൾ ദുആ ചെയ്തു. അല്ലാഹുവേ, അവർ ഞങ്ങളെ അതിജയിക്കുന്നത് ശരിയല്ല. അല്ലാഹുവേ, ഞങ്ങൾക്ക് നിന്നിൽ നിന്നുള്ള ശക്തിയും കഴിവുമല്ലാതെ മറ്റൊന്നുമില്ല. അതേ സമയത്ത് ഹദ്റത്ത് ഉമർ ഫാറൂഖ്(റ) മുഹാജിരീങ്ങളുടെ ഒരു സംഘവുമായി അവരെ നേരിടുകയായിരുന്നു. അവരെ പിന്നിലേക്ക് തള്ളിമാറ്റി മലമുകളിൽനിന്ന് താഴെ ഇറങ്ങാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഈ സംഭവത്തെപ്പറ്റി അല്ലാഹുവിന്റെ ഈ വചനങ്ങൾ ഇറങ്ങി.

وَلَا تَهِنُوۡا وَلَا تَحۡزَنُوۡا وَاَنۡتُمُ الۡاَعۡلَوۡنَ اِنۡ كُنۡتُمۡ مُّؤۡمِنِيۡنَ﴿۱۴۰﴾

ദൗർബല്യം കാണിക്കുകയോ വ്യസനിക്കുകയോ ചെയ്യേണ്ടതില്ല. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് വിജയം വരിക്കുക.

തിരുനബി(സ) പരിക്കേറ്റ അവസ്ഥയിലും സ്വഹാബാക്കളെ കുറിച്ചുള്ള ഉൽകണ്ഠയെ പറ്റി ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബൂബക്കർ(റ) ഉഹുദ് ദിവസത്തെ അനുസ്മരിച്ച്കൊണ്ട് പറയുന്നു: അന്നത്തെ ദിവസം മുഴുവൻ ത്വൽഹ(റ)ന്റേതായിരുന്നു. അതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു. ഞാൻ നബി(സ)ന്റെ അടുക്കലേക്ക് തിരിച്ച് വന്നവരിൽ ഉണ്ടായിരുന്നു. ഞാൻ കാണുന്നത് നബി(സ)ന്റെ മുൻപല്ലുകൾക്കും കോമ്പല്ലിനും ഇടയിലുള്ള താഴത്തെ പല്ല് പൊട്ടിയിരുന്നു. മുഖത്തും പരിക്കുണ്ടായിരുന്നു. നബി(സ)യുടെ പരിശുദ്ധ കവിളിൽ പടത്തൊപ്പിയുടെ വളയങ്ങൾ താഴ്ന്നിറങ്ങിയിരുന്നു. നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സുഹൃത്തിനെ അഥവാ ത്വൽഹയെ സഹായിക്കുക. ഈ സംഭവങ്ങൾ നേരത്തെ വിവരിച്ചിട്ടുള്ളതാണ്. ചിലപ്പോൾ എന്തെങ്കിലും പുതിയ വല്ല കാര്യങ്ങളോ പുതിയ വാചകങ്ങളോ അവതരണരീതിയോ ഉണ്ടാകുന്നതുകൊണ്ട് വീണ്ടും വിവരിക്കുന്നതാണ്.

മദീനയിലെ സ്ത്രീകളുടെ സഹനത്തിന്റെ മാതൃകക്ക് ചില ഉദാഹരണങ്ങൾ (പറയാം) റസൂൽ കരീം(സ) ഉഹുദ് യുദ്ധത്തിനുശേഷം മദീനയിലേക്ക് തിരിച്ചപ്പോൾ ഹദ്റത്ത് മസ്അബ് ബിൻ ഉമൈറിന്റെ മകൾ ഹദ്റത്ത് ഹംന ബിൻത് ജഹ്ശിന് ആളുകൾ അവരുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ജഹ്ശ് ശഹീദായ വിവരം നൽകിയപ്പോൾ അവർ اِنَّا لِلّٰهِ وَاِنَّٓا اِلَيْهِ رٰجِعُوْنَ എന്ന് ചൊല്ലുകയും അദ്ദേഹത്തിന് മഗ്ഫിറത്തിന് വേണ്ടി ദുആ ചെയ്യുകയുമുണ്ടായി. എന്നാൽ അവരുടെ ഭർത്താവ് ശഹീദായ വിവരം നൽകിയപ്പോൾ അവർ കരഞ്ഞു അസ്വസ്ഥയായിക്കൊണ്ട് പറഞ്ഞു: വല്ലാത്ത സങ്കടമായിപ്പോയല്ലോ അതുകേട്ട് നബി(സ) അവരോട് ചോദിച്ചു: ഇങ്ങനെ എന്തുകൊണ്ടാണ് പറഞ്ഞത്. അവർ പറഞ്ഞു: ഭർത്താവിനെപറ്റി മാത്രമാണ് പറഞ്ഞത്; മക്കൾ അനാഥമാകുന്നത് ഓർത്തപ്പോൾ ഞാൻ അസ്വസ്ഥയായി. ആ അവസ്ഥയിൽ എന്റെ വായിൽ വന്നുപോയതാണ്. അത് കേട്ടപ്പോൾ നബി(സ) മുസ്അബിന്റെ മക്കൾക്ക് വേണ്ടി ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ അവരുടെ രക്ഷിതാവും സംരക്ഷകനുമായുള്ളവനേ അവർക്ക്മേൽ കരുണയും വാത്സല്യവും ചൊരിയേണമേ. അവരോട് നല്ല നിലയിൽ വർത്തിക്കേണമേ

ഹദ്റത്ത് ഹിന്ദ്(റ)ക്ക് അവരുടെ ഭർത്താവും സഹോദരനും മകനും ശഹീദായെന്ന് അറിവ് കിട്ടിയപ്പോൾ ഇവർ മൂന്ന് പേരുടേയും മൃതദേഹം മദീനയിലേക്ക് കൊണ്ടുവരികയായിരുന്നു. തുടർന്ന് അവർ ഒട്ടകത്തെ മദീനയിലേക്ക് തെളിച്ചപ്പോൾ അത് ഇരിക്കുകയുണ്ടായി. എന്നാൽ അതിനെ ഉഹുദിലേക്ക് തെളിച്ചപ്പോൾ അത് വേഗം വേഗം നടക്കാൻ തുടങ്ങി. തുടർന്ന് അവർ നബി(സ)ന്റെ അടുക്കൽ എത്തി. നബി(സ)നോട് ഈ കാര്യങ്ങളെല്ലാം പറയുകയുണ്ടായി. നബി(സ) പറഞ്ഞു: ഈ ഒട്ടകത്തെ അല്ലാഹു ഈ ആവശ്യത്തിന് അഥവാ മദീനയിലേക്ക് പോകാതെ ഉഹുദിലേക്ക് പോകാൻ വേണ്ടി നിയോഗിച്ചതാണ്. തുടർന്ന് ചോദിച്ചു. നിങ്ങളുടെ ഭർത്താവ് ഉഹുദിലേക്ക് പോകുന്നതിന് മുമ്പ് വല്ല കാര്യവും പറഞ്ഞിട്ടുണ്ടോ. അവർ പറഞ്ഞു: അദ്ദേഹം ഉഹുദിലേക്ക് പുറപ്പെടുമ്പോൾ ഖിബ്‌ലയിലേക്ക് മുഖം തിരിച്ച് ഇങ്ങനെ പറഞ്ഞു. അല്ലാഹുവേ എന്നെ നാണംകെട്ട നിലയിൽ എന്റെ കുടുംബത്തിലേക്ക് തിരിച്ചുകൊണ്ടുവരരുതേ. എനിക്ക് ശഹാദത്ത് നൽകേണമേ. അപ്പോൾ നബി(സ) പറഞ്ഞു: ഈ കാരണംകൊണ്ടാണ് ഒട്ടകം നടക്കാതിരുന്നത്. അല്ലയോ അൻസ്വാർ സംഘമേ, നിങ്ങളിൽ ചില സദ്‌വൃത്തരായ ആളുകളുണ്ട്. അവർ എന്തെങ്കിലും കാര്യം അല്ലാഹുവിനെ ശപഥം ചെയ്ത് പറഞ്ഞാൽ അല്ലാഹു തീർച്ചയായും അത് പൂർത്തിയാക്കുന്നതാണ്. അംറ് ബിൻ ജമൂഹ് അവരിൽപ്പെട്ട ഒരാളാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: രണ്ടാം ലോക മഹായുദ്ധത്തിൽ ജർമ്മനിയിലെ ഒരു വൃദ്ധയുടെ മകൾ കൊല്ലപ്പെട്ടപ്പോൾ ആ സ്ത്രീ പ്രത്യക്ഷത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ട് പ്രസ്തുത വാർത്തയോട് പ്രതികിരിക്കുകയുണ്ടായി. അന്ന് പത്രങ്ങളിൽ ഇങ്ങനെ വാർത്ത വന്നിരുന്നു. നോക്കുക ഈ സ്ത്രീ എത്ര വലിയ സഹനമാണ് തന്റെ മകൻ വധിക്കപ്പെട്ടിട്ടും കാണിച്ചത് എന്ന്. ഈ പ്രകടനം വേദന കടിച്ചമർത്തിക്കൊണ്ടുള്ളതാണെന്ന് തോന്നുന്നു. അവർ മനസുകൊണ്ട് കരയുകയാണ്. എന്നാൽ ആ സ്വഹാബിയയുടെ സംഭവം ദുഖം കടിച്ചമർത്തി മനസ്സിൽ കരയുകയായിരുന്നില്ല. മറിച്ച് ഈ സ്വഹാബിയ നബി(സ) ജീവിച്ചിരിക്കുന്നതിൽ മനസ്സിലും സന്തോഷവതിയായിരുന്നു. ഈ സ്ത്രീയുടെ സംഭവം വായിക്കുമ്പോൾ അവരോടുള്ള ആദരവിനാൽ ഹൃദയം നിറയുന്നു. എന്റെ മനസ്സ് ആ പരിശുദ്ധ മഹതിയുടെ മടിത്തട്ടിനെ സ്പർശിക്കാനും പിന്നെ ആ കൈ കണ്ണുകളിൽ ചേർത്ത് പിടിക്കാനും ആഗ്രഹിക്കുന്നു. അവർ എന്റെ പ്രേമഭാജനത്തിനുവേണ്ടി തന്റെ സ്നേഹത്തിന്റെ അനന്യമായ ഓർമകളാണ് ബാക്കിവെച്ചിരിക്കുന്നത്. ഈ സ്നേഹമാണ് അല്ലാഹു നബിയെ സംബന്ധിച്ച് അവരുടെ ഹൃദയങ്ങളിൽ ഉണ്ടാക്കിയത്. അല്ലാഹുവിന്റെ മുന്നിൽ അവർ മാതാപിതാക്കളെയോ സഹോദരീ സഹോദരന്മാരേയോ ഭാര്യാഭർത്താക്കന്മാരെയോ പരിഗണിച്ചില്ല. അവർക്ക് മുന്നിൽ അല്ലാഹു അവരിൽ സംപ്രീതനാകണം എന്ന കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് അല്ലാഹു അവരെപ്പറ്റി റളിയല്ലാഹു അൻഹു എന്ന് പറഞ്ഞത്.

ഒരു ചരിത്രകാരൻ പറയുന്നു. തീർച്ചയായും മദീനയിലെ പ്രയാസങ്ങൾ വളരെ വേദനാജനകമായിരുന്നു. എന്നാൽ മക്കയും മദീനയും തമ്മിൽ ഒരു പ്രയാസത്തെ നേരിടുന്നതിൽ വളരെ വ്യത്യാസമുണ്ട്. മക്കാ മുശ്‌രികീങ്ങൾക്ക് അവരുടെ പ്രയാസം ദൗർബല്യവും അസ്വസ്ഥതയും ഭയവുമാണ് സമ്മാനിച്ചത്. മദീനക്കാർക്കാകട്ടെ ഉഹുദിലെ പ്രയാസങ്ങൾ അനുപമമായ ക്ഷമയും വിശ്വാസവും സ്ഥൈര്യവും ധൈര്യവുമാണ് നൽകിയത്. ഉഹുദിൽ മുസ്‌ലിംകൾക്ക് ഉണ്ടായ വമ്പിച്ച നഷ്ടങ്ങൾ കാരണം അവർ അനുപമമായ സഹനവും വിശ്വാസവും സ്ഥൈര്യവുമാണ് അതുകൊണ്ട് ആർജിച്ചത്.

ഉഹുദിൽ ഉണ്ടായ നഷ്ടങ്ങൾ കാരണം മദീനവാസികളിലാർക്കും ഭയമോ അസ്വസ്ഥതയോ ദൗർബല്യമോ പേരിനുപോലും ഉണ്ടായില്ല.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട്.

ഫലസ്തീനിലെ ആളുകൾക്ക് വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് എളുപ്പമുണ്ടാക്കുമാറാകട്ടെ. ശത്രുക്കൾ തങ്ങളുടെ എല്ലാതരം നികൃഷ്ടമായ ചിന്തകളും പ്രവർത്തികളും മുഖേന അവരെ നശിപ്പിക്കാൻ ഒരുങ്ങിയിരിക്കുകയാണ്. വൻ ശക്തികൾ യുദ്ധം അവസാനിപ്പിക്കുന്നതിനു പകരം അതിനെ ആളിക്കത്തിക്കാൻ ശ്രമിക്കുകയാണ്. അല്ലാഹുവിന് മാത്രമേ അവരുടെ കൈകൾ തടയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യുക.

അതുപോലെ അവർക്ക് ഭക്ഷണവും മരുന്നും ഏത് ഏത് ചാരിറ്റി മുഖേനയാണോ എത്തിക്കാൻ കഴിയുന്നത് അത് എത്തിക്കാൻ അഹ്മദികൾ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ പരിധിയിൽ അക്രമം അവസാനിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്. രാഷ്ട്രീയക്കാർക്ക് കത്തുകൾ എഴുതിക്കൊണ്ടിരിക്കുക; നിങ്ങൾ ചെയ്യുന്നത് വലിയ അപരാധമാണെന്ന് രാഷ്ട്രീയക്കാരെ ബോധ്യപ്പെടുത്തുക. ഫലസ്തീനികൾക്ക് അല്ലാഹുവിനോട് ദുആ ചെയ്യാനും തങ്ങളുടെ ആത്മീയ അവസ്ഥ നന്നാക്കാനും തൗഫീഖ് ലഭിക്കുമാറാകട്ടെ. ഉക്രൈൻ റഷ്യ യുദ്ധത്തിലും യൂറോപ്പും അമേരിക്കയും നേരിട്ട് ഭാഗഭാക്കാകുമെന്ന് വാർത്തകൾ വരുന്നുണ്ട്. അതുമുഖേനയും ആഗോളയുദ്ധത്തിനുള്ള അപകട സാധ്യതകൾ വർധിക്കുന്നുണ്ട്. അതുകൊണ്ട് അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ വേണ്ടി ദുആ ചെയ്യുക. അവിടെ മുൻകരുതൽ എന്ന നിലക്ക് ഞാൻ നേരത്തേയും പറഞ്ഞതുപോലെ എനിക്ക് മുമ്പ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ആറ്റമിക ആണവ വികരണങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ മരുന്നിന്റെ കുറിപ്പടി നൽകിയിരുന്നു. അത് മതിയായതാണ്. നമ്മുടെ ഹോമിയോപതി വിഭാഗം അത് പറഞ്ഞുതരുന്നതാണ്. അതും ചുരുങ്ങിയത് മൂന്ന് തവണയെങ്കിലും ഒരാവർത്തി വീണ്ടും എടുക്കേണ്ടതാണ്. അതുപോലെ വീടുകളിൽ മൂന്ന് മാസത്തെക്കുള്ള ഭക്ഷണപദാർത്ഥങ്ങളും മറ്റും അഹ്മദികൾ കരുതേണ്ടതാണ്. പ്രത്യേകിച്ചും നേരിട്ട് യുദ്ധഭീതിയുള്ള സ്ഥലങ്ങളിൽ. യുദ്ധമുണ്ടായില്ലെങ്കിൽപോലും അതുകൊണ്ട് പ്രയോജനം തന്നെയാണുള്ളത്.

യമനിലെ അഹ്മദികൾക്ക്വേണ്ടിയും ദുആ ചെയ്യുക അല്ലാഹു അവരുടെ മോചനത്തിന് എത്രയും വേഗം സാഹചര്യം ഉണ്ടാക്കുമാറാകട്ടെ. പുരോഗതിയുടെ പേരിൽ ഭൗതികതയുടെ മാലിന്യത്തിൽ വീഴുന്നതിന് പകരം അല്ലാഹുവിനെ തിരിച്ചറിയാൻ അല്ലാഹു ലോകത്തിന് വിവേകം നൽകുമാറാകട്ടെ. മുസ്‌ലിം രാജ്യങ്ങൾക്കും നീതിയിൽ നിന്നുകൊണ്ട് ഒന്നിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. നമുക്കും അല്ലാഹുവിന്റെ സന്ദേശം എല്ലാ വ്യക്തിയിലേക്കും എത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് കഴിഞ്ഞ ദിവസം ശഹീദാക്കപ്പെട്ട ഫതഹ് പൂർ ബഹാവൽപൂർ ജില്ലയിലെ ചെക്ക് ചൗരസി ജമാഅത്തിലെ സ്വദ്റും ഹിള്ർ ഹയാത്ത് ചീമ സാഹിബിന്റെ മകനുമായ ത്വാഹിർ ഇഖ്ബാൽ ചീമ സാഹിബിനെ അനുസ്മരിച്ചുകൊണ്ട് ദുആ ചെയ്തു: മർഹൂമിന് ഉന്നത സ്ഥാനം നൽകുമാറാകട്ടെ. കാരുണ്യത്തോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. കുടുംബാംഗങ്ങൾക്ക് സ്വബ്റെ ജമീൽ പ്രദാനം ചെയ്യുകയും അവരുടെ നന്മകളെ നിലനിർത്താൻ സൗഭാഗ്യം നൽകുകയും ചെയ്യട്ടെ. നമസ്കാരശേഷം ഇദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 08.03.2024

Malayalam Translation & layout: **Moulavi T. Jamshad Mukkam**

Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516